**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5680** **08-11-2021 - ൽ മറുപടിയ്ക്ക്**

**കാർഷികമേഖലയുമായി ബന്ധപ്പെട്ട കിഫ്ബി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷികമേഖലയുമായി ബന്ധപ്പെട്ട് കിഫ്ബി മുഖേന കൂടുതൽ പദ്ധതികൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ജില്ലാ കാർഷിക ഫാമുകളുടെ സ്ഥലം ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത കാർഷികോല്പന്നങ്ങൾക്ക് വേണ്ടിയുള്ള ചെറുകിട/ ഇടത്തരം അഗ്രോപാർക്കുകളുടെ ശൃംഖല കിഫ്ബി മുഖേന സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതും കാർഷികമേഖലയുടെ വികസനത്തിനായി മുൻസർക്കാരിന്റെ കാലത്ത് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂരിൽ ബനാന&ഹണി പാർക്കിന് 21.43 കോടി രൂപയുടെ അംഗീകാരം കിഫ്ബി നൽകിയിട്ടുള്ളതും ആയത് പദ്ധതി പൂർത്തീകരണത്തിന്റെ അന്തിമ ഘട്ടത്തിലുമാണ് ഇതിനുപുറമേ വേങ്ങേരി, കുതാളി എന്നിവിടങ്ങളിൽ കോക്കനട്ട്പാർക്ക് മുതലമടയിൽ മാംഗോപാർക്ക് എന്നിവയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിച്ചുവരുന്നു. |
| (ബി) | കാർഷിക മേഖലയിൽ യന്ത്രവൽക്കരണത്തിനായി കൂടുതൽ പദ്ധതികൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളതും പരിഗണനയിലുള്ളതുമായ അഗ്രോപാർക്ക് പദ്ധതികൾ എല്ലാം തന്നെ കാർഷികമേഖലയിൽ യന്ത്രവൽക്കരണത്തിലൂടെ ആവിഷ്കരിക്കുന്ന പദ്ധതികളാണ്. |
| (സി) | മൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതികൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളതും പരിഗണനയിലുള്ളതുമായ അഗ്രോപാർക്ക് പദ്ധതികൾ എല്ലാം തന്നെ യന്ത്രവൽക്കരണത്തിലൂടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് കാർഷിക മേഖലയിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളായാണ് വിഭാവനം ചെയ്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള അഗ്രോപാർക്കുകളുടെ വിശദ വിവരം ചുവടെ കാണാവുന്നതാണ്. • തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ നാളികേര അഗ്രോ പാർക്കുകൾ. • പാലക്കാട്, ആലപ്പുഴ, എറണാകുളം ജില്ലകളിൽ നെല്ലിനെ അടിസ്ഥാനമാക്കിയുള്ള അഗ്രോ പാർക്കുകൾ. • തൃശ്ശൂരിൽ വാഴപ്പഴവും തേനും ആസ്പദമാക്കിയ അഗ്രോ പാർക്ക്. • ഇടുക്കി, വയനാട് ജില്ലകളിൽ സ്പൈസ് സ്പാർക്കുകൾ. • കോട്ടയം, പത്തനംതിട്ട ജില്ലകളിൽ റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കുകൾ. • തൃശ്ശൂർ ജില്ലയിലെ മാളകേന്ദ്രീകരിച്ച് ചക്കയ്ക്ക് വേണ്ടിയുള്ള അഗ്രോ പാർക്ക്. • ഇടുക്കി കാന്തല്ലൂരിൽ പച്ചക്കറി മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ അഗ്രോപാർക്ക്. |

സെക്ഷൻ ഓഫീസർ